**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- ജീവനക്കാര്യം-പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിലെ നിർമ്മാണ പ്രവർത്തികളിലെ ക്രമക്കേട് പത്തനാപുരം ബ്ലോക്ക് ഓഫീസിലെ ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടി - താക്കീത് നൽകി -തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ. (സാധാ) നം.1584/2022/തസ്വഭവ　　　　തീയതി, തിരുവനന്തപുരം, 03.07.2022

---

പരാമർശം :- 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 23/11/2019-ലെ നം.ഇ 3(എസ്.സി 48/2019/കൊല്ലം) 32439/2019 നമ്പർ കത്ത്.
2) ശ്രീ.വിഷ്ണു, (ക്ലാർക്ക്)-ന് എതിരെയുള്ള 31/05/2020-ലെ ഇആർബി3/4/2020/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
3) ശ്രീ.അനീഷ്.എസ്.എസ് (വനിതാ വെൽഫെയർ ഓഫീസർ)-ന് എതിരെയുള്ള 31/05/2020-ലെ ഇആർബി3/4/2020/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണപത്രികയും.
4) ശ്രീമതി.സോണി സ്റ്റീഫൻ (ജനറൽ എക്സ്റ്റൻഷൻ ഓഫീസർ) -ന് എതിരെയുള്ള 31/05/2020-ലെ ഇആർബി3/4/2020/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
5) ശ്രീ.വിഷ്ണു 15/03/2021-ൽ സമർപ്പിച്ച പ്രതിവാദപത്രിക.
6) ശ്രീ.അനീഷ്.എസ്.എസ് 15/03/2021-ൽ സമർപ്പിച്ച പ്രതിവാദപത്രിക.
7) ശ്രീമതി.സോണിസ്റ്റീഫൻ 15/03/2021-ൽ സമർപ്പിച്ച പ്രതിവാദപത്രിക.
8) ഗ്രാമവികസന കമ്മീഷണറുടെ 28/10/2021-ലെ 6447/എസ്റ്റാ.എ 4/2020/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിളക്കുടി വില്ലേജിൽ ഇളമ്പൽ സാരഥി ജംഗ്ഷൻ മുതൽ പുള്ളുവപ്പടി വരെയുള്ള സ്ഥലത്ത് മണ്ണ്, ജലസംരക്ഷണത്തിന്റെ ഭാഗമായി തോട്ട് വരമ്പ്കെട്ട്, തടയണ കെട്ട് സൈഡ് വാൾ നിർമ്മാണം തുടങ്ങിയവയുടെ നിർമ്മാണ പ്രവൃത്തികളിലെ ക്രമക്കേടുകളെ സംബന്ധിച്ച് 23.07.2019-ൽ വിളക്കുടി വില്ലേജ് ഓഫീസിലും, പത്തനാപുരം ബ്ലോക്ക് വികസന ഓഫീസിലും, ഡയറക്ടർ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ പത്തനാപുരം ബ്ലോക്ക് വികസന ഓഫീസിലെ ജനറൽ എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി.സോണി സ്റ്റീഫൻ, വനിതാക്ഷേമ ഓഫീസർ ശ്രീ.അനീഷ്, ക്ലാർക്ക് ശ്രീ.വിഷ്ണു എന്നിവർ അന്നേദിവസം ഓഫീസിൽ ഹാജരായിരുന്നില്ലായെന്ന് കണ്ടെത്തുകയും ടിയാളുകൾക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്യുകയും ചെയ്തു.

ഇവർക്കെതിരെ 1960-ലെ KCS (CC&A) Rule 16 പ്രകാരം വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (2), (3), (4) പ്രകാരം കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകി.

പ്രസ്തുത കുറ്റപത്രത്തിനെതിരായി ടിയാളുകൾ ഗ്രാമവികസന കമ്മീഷണർ മുഖേന പരാമർശം (5), (6), (7) പ്രകാരം പ്രതിവാദപത്രികകൾ സമർപ്പിക്കുകയും ചെയ്തു. കുറ്റപത്രത്തിലെ ആരോപണങ്ങൾ ടിയാളുകൾ നിഷേധിച്ചിട്ടില്ല.

വാഹന അപകടത്തെ തുടർന്ന് അബോധാവസ്ഥയിൽ കഴിയുന്ന അമ്മയെ അടിയന്തരമായി വൈദ്യസഹായം നൽകുന്നതിനായി ആശുപത്രിയിൽ എത്തിക്കേണ്ടി വന്നതിനാൽ 23.07.2019-ന് ആഫീസിലെത്താൻ 45 മിനിറ്റോളം വൈകുകയും, ടി ദിവസം അര ദിവസത്തെ ആകസ്മിക അവധിക്ക് അപേക്ഷിക്കുകയും അവധി അപേക്ഷ ആഫീസിൽ അനുവദിച്ചിട്ടുള്ളതുമാണെന്നും ശ്രീമതി.സോണി സ്റ്റീഫൻ പരാമർശം (5) പ്രകാരം തന്റെ മറുപടിയിൽ ബോധിപ്പിച്ചു. കടുത്ത പ്രമേഹരോഗിയും 63 വയസ്സുള്ള ആളുമായ ശ്രീ.അനീഷ്.എസ്.എസ്-ന്റെ അമ്മ ഷുഗർലെവൽ ക്രമാതീതമായി താഴ്ന്നതു മൂലം വീട്ടിൽ കുഴഞ്ഞുവീണു. അമ്മയ്ക്ക് അടിയന്തര ചികിത്സ ലഭ്യമാക്കുന്ന തിരക്കിനിടയിൽ ഓഫീസിൽ അവധി വിളിച്ചുപറയുന്നതിന് കഴിഞ്ഞില്ലായെന്നും പരാമർശം (6) പ്രകാരം തന്റെ മറുപടിയിൽ ബോധിപ്പിച്ചു. 23.07.2019-ന് രാവിലെ ഓഫീസിൽ വരുന്ന വഴി വാഹനം കേടു വന്നതിനാലാണ് ഓഫീസിൽ എത്തിച്ചേരാൻ വൈകിയതെന്ന് പരാമർശം (7) പ്രകാരം ശ്രീ.വിഷ്ണു തന്റെ മറുപടിയിൽ ബോധിപ്പിച്ചു.

മേൽ വിഷയം സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണർ പരാമർശം (8) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. മനപൂർവ്വമല്ലാത്ത കാരണങ്ങളായതിനാൽ ടിയാളുകളുടെ വിശദീകരണം പരിഗണിക്കാവുന്നതാണെന്ന് ഗ്രാമവികസന കമ്മീഷണർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബോധപൂർവമോ മനപൂർവമോ അല്ലാതെ ടിയാളുകളുടെ ഭാഗത്തുനിന്ന് സംഭവിച്ച വീഴ്ചയാണെന്നുള്ള ഗ്രാമവികസന കമ്മീഷണറുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.സോണി സ്റ്റീഫൻ, ശ്രീ.അനീഷ്.എസ്.എസ്, ശ്രീ.വിഷ്ണു.സി.എസ് എന്നിവർക്കെതിരെ 1960-ലെ കേരളാ സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും & അപ്പീലും) ചട്ടം 16 പ്രകാരം സ്വീകരിച്ചു വരുന്ന അച്ചടക്ക നടപടി ലഘുശിക്ഷയായ താക്കീത് നൽകി തീർപ്പാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പ്രീത.കെ.എസ്**
**ജോയിന്റ് സെക്രട്ടറി**

1) ശ്രീമതി.സോണി സ്റ്റീഫൻ, പത്തനാപുരം ബ്ലോക്ക് (ഗ്രാമവികസന കമ്മീഷണർ മുഖേന)
2) ശ്രീ.അനീഷ്.എസ്.എസ്, പത്തനാപുരം ബ്ലോക്ക് (ഗ്രാമവികസന കമ്മീഷണർ മുഖേന)
3) ശ്രീ.വിഷ്ണു.സി.എസ്, പത്തനാപുരം ബ്ലോക്ക് (ഗ്രാമവികസന കമ്മീഷണർ മുഖേന)
4) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
6) വിജിലൻസ് (ഇ) വകുപ്പ്
7) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
8) വിവര പൊതുജന സമ്പർക്ക വകുപ്പ് ( web & new media)
9) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ